# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7668** **15/07/2014-ൽ മറുപടിയ്ക്ക്**

## ''മത്സ്യസമൃദ്ധി'' പദ്ധതി

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് : | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) ''മത്സ്യസമൃദ്ധി'' പദ്ധതിക്കു വേണ്ടി 2012-13, 2013 -14, 2014-15 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനബഡ്ജറ്റിൽ വകയിരുത്തിയ തുക<br>• 2012-13 - 4 കോടി<br>• 2013-14 - 4 കോടി<br>• 2014-15 - 4 കോടി<br>ആർ. കെ. വി. വൈ. വിഹിതമായി യഥാക്രമം 1001.25 ലക്ഷം രൂപ, 900 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഒന്നും രണ്ടും വർഷങ്ങളിൽ (2012-13, 2013-14) ലഭിച്ചിട്ടുണ്ട്. മൂന്നാം വർഷത്തിൽ (2014-15) 1337.60 ലക്ഷം രൂപ ലഭിക്കാനുണ്ട്.<br><br>എഫ്. എഫ്. ഡി. എ. വിഹിതമായി യഥാക്രമം 263.35 ലക്ഷം രൂപ, 290 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഒന്നും രണ്ടും (2012-13, 2013-14) വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. മൂന്നാംവർഷത്തിൽ (2014-15) 300 ലക്ഷം രൂപ ലഭിക്കാനുണ്ട്. |
| (ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | സ്വീകരിച്ച നടപടികൾ അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (സി) പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | 2014 ഏപ്രിൽ വരെ 20.39 കോടി രൂപ പദ്ധതി നടത്തിപ്പിനായി ചെലവായിട്ടുണ്ട്. |
| (ഡി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | മത്സ്യസമൃദ്ധി പദ്ധതിയുടെ പ്രവർത്തനപുരോഗതി അനുബന്ധം (ബി) ആയി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

### (എ) മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ

പദ്ധതിനടത്തിപ്പിനായി സംസ്ഥാനത്ത് 50 പ്രോജക്റ്റ് അസിസ്റ്റന്റുമാരെ 14 ജില്ലകളിലായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും പ ഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്ത് 759 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായ സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുടേയും വ്യക്തികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പഞ്ചായത്ത്തല സ്റ്റീയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ ജില്ലകൾക്ക് അനുവദിച്ചു നൽകിയ ഘടകപദ്ധതികളുടെ ടാർജറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് സ്റ്റൈപന്റോടുകൂടിയ പരിശീലനം ലഭ്യമാക്കുകയും തുടർന്ന് സർവ്വേ നടത്തി അനുയോജ്യമായ ജലാശയങ്ങളിൽ സബ്സിഡി നിരക്കിൽ മത്സ്യ/ചെമ്മീൻ/കരിമീൻ/കല്ലുമ്മേക്കായ/ഞണ്ട് വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു. ഓരോ വർഷവും കർഷകർക്ക് മത്സ്യതീറ്റ ഇനത്തിൽ ചിലവാക്കുന്ന തുക ചെക്കായി വിതരണം ചെയ്തുവരുന്നു. പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സൈറ്റുകളിലായി ഓരോ വർഷവും 21 ലക്ഷം രൂപയുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

- ഡോ. മോഹനകുമാരൻ നായർ (പ്രൊ. വൈസ് ചാൻസിലർ, KUFOS) അദ്ധ്യക്ഷനായി 9 അംഗ ഡിസീസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ഡോ. കെ. കെ. അപ്പുക്കുട്ടൻ (പ്രിൻസിപ്പൽ സയന്റിസ്റ്റ് (റിട്ട) CMFRI) ചെയർമാനായുള്ള 6 അംഗ അവാർഡ് കമ്മിറ്റി രൂപീകരിച്ചു. പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ശുദ്ധജലാശയങ്ങളിലേയും പാടശേഖരങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപ നിരക്ക് കൂട്ടുന്നതിനായി ഡോ. മോഹനകുമാരൻ നായർ (പ്രൊ. വൈസ് ചാൻസിലർ, KUFOS) അദ്ധ്യക്ഷനായ കമ്മിറ്റി രൂപീകരിക്കുകയും വിത്ത് നിക്ഷേപ നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തു.
- ഡോ. ബി. മധുസൂദനക്കുറുപ്പ് (വൈസ് ചാൻസിലർ, KUFOS) ചെയർമാനായുള്ള 8 അംഗ കമ്മിറ്റിയെ വനാമി ചെമ്മീൻ, ഗിഫ്റ്റ് തിലാപ്പിയ, നട്ടർ എന്നീ മത്സ്യ/ചെമ്മീൻ ഇനങ്ങളുടെ കൃഷി കേരളത്തിൽ വ്യാപിപ്പിക്കുന്നതു സംബന്ധിച്ച് പഠിക്കുന്നതിന് ചുമതലപ്പെടുത്തി. പഠനം നടന്നുവരുന്നു.

പദ്ധിയുടെ ഒന്നാം വർഷത്തിൽ (2012-13) 905 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും 9039 കർഷകർക്ക് പരിശീലനം നടത്തുവാനും 9000.163 ഹെക്ടറിൽ മത്സ്യ/ആറ്റ്കൊഞ്ച്/ചെമ്മീൻ/കരിമീൻ കൃഷി നടപ്പിലാക്കുവാനും സാധിച്ചു. 56684 കർഷകർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി പദ്ധതി നടത്തിപ്പിലൂടെ ഒന്നാം വർഷത്തിൽ 25807.48 ടൺ മത്സ്യോത്പാദനം കൈവരിച്ചതിലൂടെ ആഭ്യന്തര വിപണിയിൽ ഏകദേശം 250 കോടിയിലേറെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. കൂടാതെ മികച്ച രീതിയിൽ കൃഷി ചെയ്ത കർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവാർഡ് വിതരണം ചെയ്തു.

പദ്ധതിയുടെ രണ്ടാംവർഷത്തിൽ (2013-14) 918 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 10163.779 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ/കരിമീൻ കൃഷി നടപ്പിലാക്കുവാൻ സാധിച്ചു. 5681 കർഷകർക്ക് പരിശീലനം നൽകി. 65178 കർഷകർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി. 36492.5 ടൺ മത്സ്യോത്പാദനം കൈവരിച്ചതിലൂടെ ആഭ്യന്തര വിപണിയിൽ ഏകദേശം 370 കോടിയിലേറെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. പദ്ധതിയുടെ മൂന്നാം വർഷ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## (ബി) - മത്സ്യസമൃദ്ധി പദ്ധതിയുടെ പ്രവർത്തന പുരോഗതി

### (i) - ഒന്നാം വർഷം

| നം. | 2012-13 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ | 2012-13 വർഷത്തിൽ കൈവരിച്ച നേട്ടം |
|---|---|---|
| 1 | പദ്ധതിയുടെ സംസ്ഥാനതല / ജില്ലാതല ഉദ്ഘാടനം | 10-06-12 ന് എറണാകുളം ടൗൺഹാളിൽ വെച്ച് ബഹു. മുഖ്യമന്ത്രി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെയ്തു - തുടർന്ന് 14 ജില്ലകളിലും ഉദ്ഘാടനം നടത്തി |
| 2 | പ്രോജക്റ്റ് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കൽ | 50 പ്രോജക്റ്റ് അസിസ്റ്റന്റിനെ അപേക്ഷ ക്ഷണിച്ച് കരാർ അടിസ്ഥാനത്തിൽ 14 ജില്ലകളിലായി നിയമിച്ചു |
| 3 | അക്വാകൾച്ചർ കോർഡിനേറ്റർമാരെ നിയമിക്കൽ 660 | ആകെ 739 അക്വാകൾച്ചർ കോർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ നിയമിച്ചു. |
| 4 | പദ്ധതിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 750 എണ്ണം | 905 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 56,684 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| 5 | പ്രോജക്റ്റ് അസിസ്റ്റന്റ് മാർക്കുള്ള ട്രെയിനിംഗ് നൽകൽ | 3 ദിവസ ട്രെയിനിംഗ് നിഫാം കടുങ്ങല്ലൂരിൽ നടത്തി |
| 6 | അക്വാകൾച്ചർ കോർഡിനേറ്റർക്കുള്ള മേഖലാതല ട്രെയിനിംഗ് | 5 മേഖലകളിലായി (കൊല്ലം, ഇടുക്കി, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) പൂർത്തീകരിച്ചു |
| 7 | അപേക്ഷഫാറങ്ങൾ, ഗൈഡ്‌ലൈൻ, ടാർജറ്റ് ഏര്യ നിശ്ചയിക്കൽ | അപേക്ഷ, ഗൈഡ്‌ലൈൻ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് നടപടി നിശ്ചിത സമയത്ത് സ്വീകരിക്കുകയും ടാർജറ്റ് ഏരിയ നിശ്ചയിച്ച് നൽകുകയും ചെയ്തു |
| 8 | ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷിക്ക് 5325 ഹെക്ടർ ടാർജറ്റ് പുതുക്കി അനുവദിച്ചിരുന്നു. (പ്രോജക്റ്റ് പ്രകാരം 5000 ഹെക്ടർ) | 5466.317 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |
| 9 | ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപ ടാർജറ്റ്- 395 ലക്ഷം | 410,95,866 എണ്ണം മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിച്ചു. |
| 10 | പാടശേഖര മത്സ്യ/ആറ്റുകൊഞ്ച് കൃഷിക്ക് 1540 ഹെക്ടർ ടാർജറ്റ് പുതുക്കി അനുവദിച്ചിരുന്നു. (പ്രോജക്റ്റ് പ്രകാരം 2000 ഹെക്ടർ) | 1544 ഹെക്ടറിൽ വിത്ത് നിക്ഷേപം പൂർത്തിയായി. |
| 11 | ഓരുജല ചെമ്മീൻകൃഷിക്ക് 2000 ഹെക്ടർ ടാർജറ്റ് അനുവദിച്ചിരുന്നു. | 1939.19 ഹെക്ടറിൽ വിത്ത് നിക്ഷേപം പൂർത്തിയാക്കി. |
| 12 | ചെമ്മീൻ വിത്ത് നിക്ഷേപ ടാർജറ്റ്- 500 ലക്ഷം | 484,88,408 എണ്ണം ചെമ്മീൻ വിത്ത് നിക്ഷേപിച്ചു. |
| 13 | കരിമീൻകൃഷിയുടെ ഭാഗമായി നടപ്പിലാക്കുന്ന കരിമീൻവിത്ത് പരിപാലന യൂണിറ്റ് - 50, അടുക്കളകുളം - 1000 എണ്ണം. കൂടുകളിലെ കരിമീൻ കൃഷി 100 യൂണിറ്റ്, കുളത്തിലെ കരിമീൻകൃഷി 50 ഹെക്ടർ എന്നിങ്ങനെ 14 ജില്ലകളിലായി ടാർജറ്റ് അനുവദിച്ചു നൽകിയിരുന്നു. | കരിമീൻവിത്ത് പരിപാലന യൂണിറ്റ് - 49<br>അടുക്കളകുളം - 1000<br>കൂടുകളിലെ കരിമീൻ കൃഷി - 78 യൂണിറ്റ്,<br>കുളത്തിലെ കരിമീൻകൃഷി - 50.656 ഹെക്ടർ പൂർത്തിയാക്കി. |
| 14 | കല്ലുമ്മേക്കായ കൃഷിക്ക് 1000 യൂണിറ്റ് ടാർജറ്റ് അനുവദിച്ചു നൽകിയിരുന്നു.. | 1077 യൂണിറ്റ് പൂർത്തിയാക്കി. |
| 15 | ഞണ്ട് കൃഷിക്ക് 50 യൂണിറ്റ് അനുവദിച്ചു | ഞണ്ടുകൃഷി - 35 യൂണിറ്റ്പൂർത്തിയാക്കി. |
| 16 | 14 ജില്ലകളിലെയും പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ | സംസ്ഥാനതല ഉദ്ഘാടനം 12-10-12 ന് കൊല്ലത്ത് മൈനാഗപ്പള്ളിയിൽ വച്ച് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. കൂടാതെ 14 ജില്ലകളിലും പദ്ധതിയ്ക്ക് അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായി വിനിയോഗപ്പെടുത്തി ടി പദ്ധതി പൂർത്തീകരിച്ചു. 37,15,181 മത്സ്യ/ആറ്റ്കൊഞ്ച് / ചെമ്മീൻ വിത്ത് സംസ്ഥാനത്തെ 38 സൈറ്റുകളിലായി നിക്ഷേപിക്കുകയുണ്ടായി. (ആകെ 21 ലക്ഷം രൂപ (@Rs. 1.5lakh/District) |
| 17 | 14 ജില്ലകളിലായി 5000 പുതിയ കർഷകർക്ക് പരിശീലനം നൽകാൻ തീരുമാനിച്ചു | 14 ജില്ലകളിലുമായി 9039 കർഷകർക്ക് പരിശീലനം നൽകി |

| | | |
|---|---|---|
| 18 | മത്സ്യ കർഷക ക്ലബ്ബ് രൂപീകരണം | 14 ജില്ലകളിലുമായി 650 മത്സ്യ കർഷക ക്ലബ്ബുകൾ രൂപീകരിച്ചു |
| 19 | ശുദ്ധജലമത്സ്യകൃഷി-കൈപുസ്തകം തയ്യാറാക്കി അക്വാകൾച്ചർ കോ-ഓഡിനേറ്റർമാർക്ക് നൽകാൻ തീരുമാനിച്ചു | 2500 കൈപുസ്തകം (രണ്ടാം പതിപ്പ്) തയ്യാറാക്കി കോ-ഓഡിനേറ്റർ / നോഡൽ ഓഫീസർ എന്നിവർക്ക് നൽകി. |
| 20 | മത്സ്യ/ചെമ്മീൻ കൃഷിക്ക് ഇൻഷുറൻസ് ഏർപ്പെടുത്തൽ | ഓരുജല ചെമ്മീൻ കൃഷി - 4000/ഹെക്ടർ<br>ശുദ്ധജല മത്സ്യകൃഷി - 2500/ഹെക്ടർ<br>ഓരുജല മത്സ്യകൃഷി - 2500/ഹെക്ടർ<br>കല്ലുമ്മേക്കായ കൃഷി - 225/25 ചതുരശ്ര മീറ്റർ<br>കൂട് കൃഷി - 1200/യൂണിറ്റ് എന്നിങ്ങനെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിട്ടു. 245.122 ഹെക്ടർ ശുദ്ധജല മത്സ്യകൃഷിയ്ക്കും 496.8 ഹെക്ടർ പാടശേഖര മത്സ്യകൃഷിയ്ക്കും 1680.239 ഹെക്ടർ ഓരുജല ചെമ്മീൻ കൃഷിയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തി. ആകെ 2423.821 ഹെക്ടർ ഏരിയയിൽ 1920 കർഷകർ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| 21 | ഡിസീസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം | ഡോ. മോഹനകുമാരൻ നായർ ( പ്രോ വൈസ് ചാൻസിലർ - കെ. യു. എഫ്. ഒ. എസ്.) അദ്ധ്യക്ഷനായി 9 അംഗ കമ്മിറ്റി രൂപീകരിച്ചു. |
| 22 | അഡാക്കിന്റെ ചെമ്മീൻ വിത്ത് ഗുണനിലവാര ടെസ്റ്റ് (4 ടെസ്റ്റ്) | 2750 രൂപ (4 ടെസ്റ്റുകൾക്ക് )എന്ന നിരക്കിൽ അഡാക്കിനെ ടി ടെസ്റ്റുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തി |
| 23 | അവാർഡ് കമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം | ഡോ. കെ. കെ. അപ്പുകുട്ടൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് (റിട്ട), സി.എം. എഫ്. ആർ. ഐ., കൊച്ചി ചെയർമാനായുള്ള 6 അംഗ കമ്മിറ്റി രൂപീകരിച്ചു. ജില്ലകളിൽ അവാർഡു നിർണ്ണയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി. |
| 24 | ശുദ്ധജലാശയങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് വിത്തുകളുടെ നിക്ഷേപ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം. | ശുദ്ധജലാശയങ്ങളിലേയും പാടശേഖരങ്ങളിലേയും മത്സ്യ വിത്ത് നിക്ഷേപ നിരക്ക് 100 സെന്റുവരെ 10000/ഹെക്ടറായും അതിനു മുകളിൽ 7500 / ഹെക്ടർ ആയും പുതുക്കി നിശ്ചയിച്ചു. |
| 25 | പദ്ധതിയുടെ ഭാഗമായി 5 പുതിയ മൊബൈൽ അക്വാ ലാബുകളുടെ സേവനം | പുതിയതായി 5 മൊബൈൽ അക്വാലാബുകളുടെ സേവനം പദ്ധതിക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| 26 | ഒന്നാംവർഷത്തിൽ ലക്ഷ്യമിട്ടിരുന്ന വിളവെടുപ്പ് - 27450 ടൺ | 25807.48 ടൺ ഭാഗീക വിളവെടുപ്പിലൂടെ ലഭ്യമായിട്ടുണ്ട് |
| 27 | ഒന്നാംവർഷം പദ്ധതിയിലൂടെ പ്രതീക്ഷിച്ച റവന്യൂ വരുമാനം 13050 ലക്ഷം | വിളവെടുപ്പിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള വരുമാനം 26026.83 ലക്ഷം |

## (ii) - രണ്ടാം വർഷം

| | | |
|---|---|---|
| 1 | അക്വാകൾച്ചർ കോർഡിനേറ്റർമാരെ നിയമിക്കൽ ടാർജറ്റ്- 660 | ആകെ 759 അക്വാകൾച്ചർ കോർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ നിയമിച്ചു. |
| 2 | പ്രോജക്റ്റ് അസിസ്റ്റന്റ് മാർക്കുള്ള ട്രെയിനിംഗ് നൽകൽ | 2013 ജൂലൈ 5 , 6 തീയതികളിൽ നിഫാം കടുങ്ങല്ലൂരിൽ നടത്തി. |
| 3 | പദ്ധതിയുടെ രണ്ടാം ഘട്ട ജില്ലാതല ഉദ്ഘാടനങ്ങൾ | 14 ജില്ലകളിലും ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം സംഘടിപ്പിച്ചു. |
| 4 | ശുദ്ധജല മത്സ്യ/ആറ്റ്കൊഞ്ച് കൃഷിക്ക് 5500 ഹെക്ടർ ടാർജറ്റ് അനുവദിച്ചിരുന്നു. | 5868.345 ഹെക്ടറിൽ മത്സ്യ / ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു |
| 5 | ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപ ടാർജറ്റ്- 635 ലക്ഷം | 734,61,674 എണ്ണം മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിച്ചു. |
| 6 | പാടശേഖര മത്സ്യകൃഷിക്ക് 2500 ഹെക്ടർ ടാർജറ്റ് അനുവദിച്ചിരുന്നു. | 2515.02 ഹെക്ടറിൽ വിത്ത് നിക്ഷേപം പൂർത്തിയായി |
| | പാടശേഖര മത്സ്യകൃഷി ഇൻഷ്വർ ചെയ്ത ഏരിയ | 1729.42 ഹെക്ടർ |
| 7 | ഓരുജല ചെമ്മീൻകൃഷി ടാർജറ്റ് 2500 ഹെക്ടർ | 1700.858 ഹെക്ടറിൽ വിത്ത് നിക്ഷേപം പൂർത്തിയായി |
| 8 | ഓരുജല ചെമ്മീൻ കൃഷി ഇൻഷ്വർ ചെയ്ത ഏരിയ | 1375.948 ഹെക്ടർ<br>ആകെ 3105.368 ഹെക്ടർ ഏരിയയിൽ 7938 കർഷകർ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| 9 | ചെമ്മീൻ വിത്ത് നിക്ഷേപ ടാർജറ്റ്- 10 കോടി | 656,91,235 ചെമ്മീൻ വിത്ത് നിക്ഷേപിച്ചു |
| 10 | കരിമീൻകൃഷിയുടെ ഭാഗമായി നടപ്പിലാക്കുന്ന കരിമീൻവിത്ത് പരിപാലന യൂണിറ്റ് - 51, അടുക്കളകുളം - 1000 എണ്ണം. കൂടുകളിലെ കരിമീൻ കൃഷി 72 യൂണിറ്റ്, കുളത്തിലെ കരിമീൻകൃഷി 50 ഹെക്ടർ എന്നിങ്ങനെ 14 ജില്ലകളിലായി ടാർജറ്റ് അനുവദിച്ചു നൽകിയിരുന്നു. | കരിമീൻവിത്ത് പരിപാലന യൂണിറ്റ് - 52<br>അടുക്കളകുളം - 1080<br>കൂടുകളിലെ കരിമീൻ കൃഷി - 67 യൂണിറ്റ്,<br>കുളത്തിലെ കരിമീൻകൃഷി - 79.556 ഹെക്ടർ പൂർത്തിയാക്കി. |
| 11 | കല്ലുമ്മേക്കായ കൃഷിക്ക് 1000 യൂണിറ്റ് ടാർജറ്റ് അനുവദിച്ചു നൽകിയിരുന്നു.. | 1381 യൂണിറ്റ് പൂർത്തിയാക്കി |
| 12 | ഞണ്ട് കൃഷിക്ക് 65 യൂണിറ്റ് ടാർജറ്റ് അനുവദിച്ചു | 62 യൂണിറ്റ് പൂർത്തിയാക്കി |
| 13 | 14 ജില്ലകളിലായി 4100 കർഷകർക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചു. | 14 ജില്ലകളിലായി 5681 കർഷകർക്ക് പരിശീലനം നൽകി |
| 14 | മത്സ്യ കർഷക ക്ലബ്ബ് രൂപീകരണം | 14 ജില്ലകളിലുമായി 738 മത്സ്യ കർഷക ക്ലബ്ബുകൾ രൂപീകരിച്ചു |
| 15 | പദ്ധതിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 800 എണ്ണം | 918 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 65,178 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| 16 | മത്സ്യതീറ്റ സബ്സിഡി വിതരണം | മത്സ്യതീറ്റ സബ്സിഡി വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 30/8/2013 ന് എറണാകുളത്ത് വച്ച് ബഹു. ഫിഷറീസ് , തുറമുഖ & എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. നാളിതുവരെ മത്സ്യതീറ്റ സബ്സിഡി ഇനത്തിൽ 4717 കർഷകർക്ക് 200,57,048 രൂപ വിതരണം ചെയ്തു. |
| 17 | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ മികച്ച രീതിയിൽ കൃഷി ചെയ്ത കർഷകർക്കും, മികച്ച കർഷക ക്ലബ്ബ് പ്രവർത്തിയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, മികച്ച അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്കുമുള്ള അവാർഡ് വിതരണം | 2013 നവംബർ 2 ന് കോട്ടയം ജില്ലയിലെ യുഹാനോൻ മാർത്തോമ ഹാളിൽ വച്ച് അവാർഡ് വിതരണം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു |
| 18 | പദ്ധതിയുടെ രണ്ടാംഘട്ട പൊതു ജലാശയങ്ങളിലെ മത്സ്യ/ ആറ്റുകൊഞ്ച് വിത്ത് നിക്ഷേപം | സംസ്ഥാനതല ഉദ്ഘാടനം 2013 നവബർ 19 ന് തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമ പഞ്ചായത്തിൽ വച്ച് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. സംസ്ഥാനത്തെ 27 സൈററുകളിലായി 36,52,748 മത്സ്യ / ആററുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയുണ്ടായി. |
| 19 | 7-ാമത് ഇന്ത്യ ഇന്റർനാഷണൽ അക്വാഷോയോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സ്യ കർഷക സഗമം | അക്വാഷോയോടനുബന്ധിച്ച് 26/01/2014 ന് 300 കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് മത്സ്യകർഷക സംഗമം സംഘടിപ്പിയ്ക്കുകയുണ്ടായി. |
| 20 | വനാമി ചെമ്മീൻ, ഗിഫ്റ്റ് തിലാപ്പിയ, നട്ടർ എന്നീ മത്സ്യ/ചെമ്മീൻ ഇനങ്ങളുടെ കൃഷി കേരളത്തിൽ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം | ഡോ. ബി. മധുസൂദനകുറുപ്പ് (വൈസ് ചാൻസിലർ (KUFOS) ചെയർമാനായുള്ള 8 അംഗ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 21 | രണ്ടാംവർഷത്തിൽ ലക്ഷ്യമിട്ടിരുന്ന വിളവെടുപ്പ് - 30825 ടൺ | 36521.232 ടൺ ഭാഗീക വിളവെടുപ്പിലൂടെ ലഭ്യമായിട്ടുണ്ട് |
| 22 | രണ്ടാംവർഷം പദ്ധതിയിലൂടെ പ്രതീക്ഷിച്ച റവന്യൂ വരുമാനം 14550 ലക്ഷം | വിളവെടുപ്പിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള വരുമാനം 37216.007 ലക്ഷം |

സെക്ഷൻ ആഫീസർ